# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 4078/11/12/2023/ TVM**

പരാതികക്ഷി : ഗീത.ജി,ഏലോഹി ഗൃഹം
തേക്കുപ്പാറ,വെള്ളറട
തിരുവനന്തപുരം

എതിർകക്ഷികൾ : 1) മൃദുൽ കുമാർ,സർക്കിൾ ഇൻസ്പെക്ടർ
വെള്ളറട പോലീസ് സ്റ്റേഷൻ
2) ആൻറണി ജോസഫ് നെറ്റോ,
സബ് ഇൻസ്പെക്ടർ
3)പ്രദിപ്,പോലീസ് കോൺസ്റ്റബിൾ

**ഉത്തരവ് തീയതി 09.05.2024**

09.05.2023 തീയതി വൈകുന്നേരം 5.30 മണിയോടുകൂടി എതിർകക്ഷികളായ പോലീസ് ഉദ്യോഗസ്ഥരും പഞ്ചായത്ത് മെമ്പർ ആയ ലീലയും മറ്റു ചിലരും പരാതികക്ഷിയുടെ വസ്തുവിൻെറ അതിർത്തി മതിൽ പൊളിച്ചുമാറ്റി തൊട്ടടുത്ത നീർച്ചാൽ നികത്തി പുതുതായി വഴിവെട്ടുവാൻ ശ്രമിച്ചപ്പോൾ ആയത് തടയാൻ ശ്രമിച്ച പരാതികക്ഷിയെ ഒന്നാം എതിർകക്ഷി തലമുടിയിൽ ചുറ്റിപിടിച്ച് താഴെ തള്ളിയിടുകയും, തൻെറ കഴുത്തിൽ കുത്തിപ്പിടിച്ച് വേദനിപ്പിച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും, ടി കൃത്യം മൊബൈലിൽ റിക്കാർഡ് ചെയ്യാൻ ശ്രമിച്ച ടിയാളുടെ മകൻ ഗോഡ്സനെ രണ്ടാം എതിർകക്ഷി മുഖത്ത് ഇടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തതായും, കൂടാതെ മറ്റ് പ്രതികൾ പരാതിക്കാരിയുടെ കാർഷിക വിളകൾ നശിപ്പിച്ചിട്ടുള്ളതായും. വനിതാ പോലീസ് ഇല്ലാതെയാണ് എതിർകക്ഷികൾ ഇപ്രകാരം പ്രവർത്തിച്ചതെന്നും, പ്രതികൾക്ക് നിയമ നടപടികളിൽ നിന്നും രക്ഷനേടുവാനായി പരാതികക്ഷിയെയും മകനെയും പ്രതികളാക്കി വെള്ളറട പോലീസ് കളവായി കേസ്സെടുത്ത് മകനെ റിമാൻറ് ചെയ്യിപ്പിച്ചുവെന്നും, നിയമ വിരുദ്ധമായി പ്രവർത്തിച്ച എതിർകക്ഷികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതിയിലെ ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു.

പഞ്ചായത്ത് വകയായ പൊതുവഴിയിൽ മാർഗ തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ പരാതികക്ഷിയായ ശ്രീമതി.ഗീത നിർമ്മാണ സാമഗ്രികൾ ഇറക്കിവച്ചിരിക്കുന്ന വിവരം അറിഞ്ഞ് ടി സ്ഥലത്ത് എത്തിയ പഞ്ചായത്ത് ഉദ്യോഗസ്ഥരോടും, നാട്ടുകാരോടും വെള്ളറട പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരോടും പരാതികക്ഷിയും മകനും കയർത്തു സംസാരിക്കുകയും പോലീസ് ഉദ്യോഗസ്ഥരെ കൈയ്യേറ്റം ചെയ്യുകയും ചെയ്തതിലേയ്ക്ക് പരാതികക്ഷിയെയും മകനെയും പ്രതിസ്ഥാനത്ത് ചേർത്ത് വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം.618/2023 ആയി കേസ്സെടുത്തതിലുള്ള വിരോധം മൂലമാണ് പരാതികക്ഷി ഇപ്രകാരം പരാതി നൽകിയിട്ടുള്ളതെന്നും, ടി പരാതിയിൽ പോലീസിന് എതിരെ ഉയർത്തിയ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞതായും, എന്നിരിക്കിലും പരാതികക്ഷി ടി സംഭവുമായി ബന്ധപ്പെട്ട് വെള്ളറട പോലീസിനെതിരെ വിവിധ അധികാര സ്ഥാപനങ്ങളിൽ പരാതി നൽകുന്ന സാഹചര്യത്തിൽ മേൽപറഞ്ഞ ക്രൈം കേസിൻെറ തുടർ അന്വേഷണം പാറശ്ശാല പോലീസിനെ ഏൽപ്പിച്ചിട്ടുള്ളതും പാറശ്ശാല പോലീസ് ടി കേസിൻെറ അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതായും നിലവിൽ ടി കേസ് കോടതിയുടെ പരിഗണനയിലാണെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതികക്ഷിയെയും മകനെയും പ്രതിസ്ഥാനത്ത് ചേർത്ത് രജിസ്റ്റർ ചെയ്ത വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം.618/2023നമ്പർ കേസിൻെറ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുമാണ്. കുറ്റപത്രത്തെ സംബന്ധിച്ച് പരാതികക്ഷിക്ക് ആക്ഷേപം ഉണ്ടെങ്കിൽ അക്കാര്യം കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവരാവുന്നതാണ്. കോടതിയുടെ പരിഗണനയിലായതിനാൽ ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മീഷന് തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല. കൂടാതെ പരാതികക്ഷി ഹൈക്കോടതിയെയും, വസ്തു കൈയ്യേറ്റം സംബന്ധിച്ച് നെയ്യാറ്റിൻകര മുൻസിഫ് കോടതിയെയും സമീപിച്ചിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും കമ്മീഷൻ മനസ്സിലാക്കുന്നു.

എന്നാൽ പരാതിയിൽ പറയുന്ന നീർച്ചാൽ നികത്തി പ്രകൃതിദത്തമായ ഒഴുക്കിനെ തടസ്സപ്പെടുത്തിയതു സംബന്ധിച്ച ആരോപണം അന്വേഷിക്കേണ്ടതാണെന്ന് കമ്മീഷൻ കരുതുന്നു. കാക്കതൂക്കി വാർഡിൽ കീഴ്മുട്ടൂർ എന്ന സ്ഥലത്ത് കുനിച്ചി മലയിൽ നിന്നും വരുന്ന വെള്ളം സമീപത്തെ നീർക്കാലി തോടിലേയ്ക്ക് ഒഴുകി പോകുന്ന വെള്ളച്ചാലിനെ നികത്താൻ പാടില്ലായെന്നും, ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന്

കാണിച്ച് ചെറുകിട ജലസേചന വകുപ്പ് നെയ്യാറ്റിൻകര സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയർ 03.06.2023 തീയതി വെള്ളറട പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും കമ്മീഷൻ മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യം അന്വേഷിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് ചെറുകിട ജലസേചന വകുപ്പ് തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു.

കൂടാതെ വനിതാ പോലീസിൻെറ അസാന്നിദ്ധ്യത്തിൽ ഒന്നാം എതിർകക്ഷി പരാതികക്ഷിയെ ദേഹോപദ്രവം ഏൽപ്പിക്കുകയും സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ പെരുമാറിയെന്നുമുള്ള ഗുരുതരമായ ആരോപണങ്ങൾ പരാതികക്ഷി ഉന്നയിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വനിതാ പോലീസിൻെറ സേവനം ഉറപ്പുവരുത്തേണ്ടതായിരുന്നു. ഒന്നാം എതിർകക്ഷി ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചിട്ടില്ലായെന്നുവേണം അനുമാനിക്കാൻ. മതിയായ തെളിവുകളുടെ അഭാവത്തിൽ കമ്മീഷൻ മറ്റ് നടപടികൾ സ്വീകരിക്കുന്നില്ല.

*പരാതിക്കാരിയുടെ സ്വൈര്യജീവിതത്തിന് എന്തെങ്കിലും തടസ്സം ഉണ്ടായാൽ ആ വിവരം കാണിച്ച്* വെള്ളറട *പോലീസിൽ പരാതി നൽകേണ്ടതും പരാതി ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ* സംരക്ഷണം നൽകണമെന്ന് കമ്മീഷൻ വെള്ളറട പോലീസ് ഇൻസ്പെക്ടറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ജില്ലാ പോലീസ് മേധാവി, വെള്ളറട ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ, ചെറുകിട ജലസേചന വകുപ്പ് തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ